بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 01/01/2016

**(20 RABIUL AWWAL 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "15 YEARS OF DIVINE MANIFESTATION" / പതിനഞ്ച് വർഷത്തെ ദൈവീക ദൃഷ്ടാന്തം

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം 15 വർഷത്തെ ദൈവീക ദൃഷ്ടാന്തം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി.

2016 പുതുവർഷത്തിൽ, ഈ ആഘോഷ ദിനത്തിൽ, മാനവകുലത്തിന് വേണ്ടി ഈ പ്രപഞ്ച സൃഷ്ടാവിന്റെ മുമ്പിൽ ഞാൻ ഈ പ്രാർത്ഥനകൾ അർപ്പിക്കുന്നു. **" അല്ലയോ എന്റെ ദൈവമേ, നീ ഞങ്ങളോടൊപ്പമായിരുന്നു, നീ ഞങ്ങൾക്ക് വേണ്ടി അദ്ധ്വാനിച്ചു. ഞങ്ങൾ ഞങ്ങൾക്ക് വേണ്ടി സ്വയം അധ്വാനിക്കുന്നതിന് മുമ്പ് മുതൽ തന്നെ. നീ ഞങ്ങളോടൊപ്പമായിരിക്കണമേ ! ഞങ്ങൾ ഉണ്ടായതു മുതൽ തന്നെ. ഞങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് മുതൽ തന്നെ നീ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. സൗമ്യതയാൽ നീ ഞങ്ങളെ ആവരണം ചെയ്യേണമേ. സ്നേഹത്താലും മഹിമയാലും നീ ഞങ്ങളുടെ അരികിൽ വരേണമേ ! അഹന്തയുടെ അന്ധകാരത്തെ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നും നീക്കം ചെയ്യേണമേ ! ഞങ്ങളുടെ ഹൃദയങ്ങളെ നിനക്കായി സമർപ്പിക്കുവാനുള്ള പ്രകാശധാര ചൊരിയേണമെ ! നിന്റെ മഹത്വപൂർണ്ണമായ ഇഷ്ടം ഞങ്ങളുടെ ഇഷ്ടമാകേണമേ ! നീ ഞങ്ങൾക്കായി എന്ത് ആവശ്യപ്പെടുന്നുവോ , നീ ഞങ്ങൾക്കായി എന്ത് തെരഞ്ഞെടുക്കുന്നുവോ അത് ഞങ്ങൾക്ക് പ്രിയങ്കരമായിരിക്കേണമേ! ഞങ്ങൾ ഞങ്ങൾക്കായി തെരഞ്ഞെടുക്കുന്നതിനേക്കാൾ ! ആമീൻ. "**

ഇന്ന് ജനുവരി 1, നീണ്ട 15 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. അഹ്‌മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഒരു മുൻ അമീറിന്റെ, ശത്രുതയുടെയും വിദ്വേഷത്തിന്റെയും ഫലമായി രേഖപ്പെടുത്തപ്പെട്ട ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അതായത് രണ്ട് പേർ, മൗറീഷ്യസ് അഹ്‌മദിയ്യാ ജമാഅത്തിൽ കുഴപ്പം സൃഷ്ടിക്കുന്നു; ഖിലാഫത്ത് അപകടത്തിലാകുന്നു. അതിനെതുടർന്ന് ഞങ്ങളുടെ ഭാഗം കേൾക്കാതെ, പ്രധാനമായും അപ്പോൾ എനിക്ക് ലഭിച്ചുകൊണ്ടിരുന്ന ദൈവീക വെളിപാടുകൾ സംബന്ധിച്ച് ; 4 - ാം ഖലീഫ പരുഷ നിലയിൽ ഞങ്ങളെ അപമാനിച്ചുകൊണ്ട് നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കുകയുണ്ടായി. മാത്രമല്ല അതോടൊപ്പം ഞങ്ങളുടെ മേൽ ഒരു ശാപ പ്രാർത്ഥന നടത്തുകയും ഞങ്ങളുടെ അന്ത്യം വളരെ മോശമായിരിക്കുമെന്ന് പ്രവചിക്കുകയും ചെയ്തു. ഭയാനകമായ അന്ത്യമായിരിക്കും ഞങ്ങൾക്കുണ്ടാകുക. ഇതേ തുടർന്ന് അല്ലാഹു (ത) എന്നോട് പറഞ്ഞു. ഇതൊരു മുബാഹലയാണ്. ഇത് ഒരാഗ്രഹമായിരുന്നു, ഒരു പ്രാർത്ഥനയായിരുന്നു. ഞങ്ങളുടെ ദൗർഭാഗ്യത്തിനും മോശമായ അന്ത്യത്തിനുമായി! അഡീഷണൽ വക്കീലുത്തബ്ശീർ മാജിദ് താഹിറിന് നാലാം ഖലീഫ പറഞ്ഞുകൊടുത്തു എഴുതിച്ച വരികളാണിവ. ഒരു കശ്ഫിൽ അല്ലാഹു (ത) എനിക്ക് വളരെ വ്യക്തമാക്കിതന്നു. ഇത് തീർച്ചയായും നാലാം ഖലീഫ നടത്തിയ ഒരു മുബാഹലയാണ്. ഈ കത്ത് ചോദ്യം ചെയ്തുകൊണ്ട് അല്ലാഹു (ത) യുടെ കരങ്ങൾ അതിനെ തവിടുപൊടിയാക്കുകയും ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിയുകയും ചെയ്യുന്നതായും ഞാൻ കാണുകയുണ്ടായി. നാലാം ഖലീഫയ്ക്ക് തന്റെ തെറ്റ് മനസ്സിലാക്കുവാൻ സാധിച്ചില്ല. തന്റെ ഞാനെന്ന ഭാവത്തെ നിയന്ത്രിക്കുവാനും കഴിഞ്ഞില്ല. എന്നിട്ട് വളരെ പരുഷനിലയിൽ ഞങ്ങളോട് പറഞ്ഞു നിങ്ങൾ പോയി നിങ്ങളുടെ പ്രത്യേക ജമാഅത്തുകൾ ഉണ്ടാക്കുക. നിങ്ങൾ രണ്ടു പേർ പോയാൽ ജമാഅത്തിന് ഒന്നും സംഭവിക്കുവാൻ പോകുന്നില്ല. ലക്ഷങ്ങൾ അഹ്‌മദിയ്യാ

പ്രസ്ഥാനത്തിൽ അണിചേരും !

ഹുസൂർ (അ) പറഞ്ഞു. ഈ അടുത്ത സന്ദർഭത്തിൽ ഒരു അഹ്മദി എന്നോട് പറഞ്ഞു. അവർ (മൗറീഷ്യസിലെ അഹ്മദികൾ) ക്ക് അദ്ദേഹത്തെ ആവശ്യമുണ്ട് എന്ന്. (വാഗ്ദത്ത മസീഹിന്റെ ജമാഅത്തിന് നിങ്ങളൊരു പ്രധാന മുതൽക്കൂട്ടാണ്) ആയതിനാൽ നിങ്ങൾ അഹ്മദിയ്യാ മുസ്ലീം ജമാഅത്തിലേക്ക് മടങ്ങി വരണമെന്നും പറയുകയുണ്ടായി. ഹുസൂർ പറഞ്ഞു അദ്ദേഹം ഒരിക്കലും അഹ്മദിയ്യാ മുസ്ലീം ജമാഅത്ത് വിട്ടിട്ടില്ലാ അങ്ങനെ ചെയ്യുക എന്നത് തന്റെ ആഗ്രഹവുമല്ല. അതേ, തലപ്പത്തുള്ളവർ ഗൂഢാലോചന നടത്തി എന്നെ ജമാഅത്തിൽ നിന്നും പുറത്താക്കുകയായിരുന്നു. അതേ നോക്കൂ! അല്ലാഹുവിന്റെ പദ്ധതി എങ്ങനെയാണ് പുറത്തുവന്നതെന്ന് ! നാലാം ഖലീഫ അവർ രണ്ട് പേരോടും (ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം, (അ) സഫറുല്ലാഹ് ഡൊമൂൻ സാഹിബ്) ജമാഅത്തിൽ നിന്നും പുറത്തുപോകാനും അവരുടേതായ ജമാഅത്ത് രൂപീകരിക്കുവാനും ആജ്ഞാപിക്കുകയുണ്ടായി. ഒരു രീതിയിൽ, അവർ ഇരുവരും ഖലീഫത്തുൽ മസീഹിന്റെ ആജ്ഞ അനുസരിക്കുകയുണ്ടായി. അവർ ഇരുവരും അനുസരണയുള്ളവരായിരുന്നു. എന്നാൽ മറ്റ് അഹ്മദികൾ ഇപ്പോഴും അനുസരണയില്ലാത്തവരായി അതിൽ തുടരുന്നു. എല്ലാത്തിനുമുപരിയായി എല്ലാ സാഹചര്യങ്ങളിലും അല്ലാഹുവിന്റെ ഇഷ്ടമാണ് നടപ്പിലാകുന്നത്.

ആയതിനാൽ, 2001 ജനുവരി 1, ദൈവീക ദൃഷ്ടാന്ത ചരിത്രത്തിലെ മറക്കാനാവാത്ത സുദിനം തന്നെയാണ്. പുതുവർഷത്തിലെ പ്രഥമദിനം ഒരു പുതുനൂറ്റാണ്ടിനെ, എല്ലാവരും പരിഗണിക്കുന്ന പ്രഥമദിനത്തിൽ, അതേ നിസാമെ ജമാഅത്തിൽ നിന്നും എന്നെ പുറത്താക്കിയിരിക്കുന്നു. തീർച്ചയായും മനുഷ്യൻ തന്റെ പദ്ധതികൾ നടപ്പിലാക്കുന്നു. അതേ അവന്റെ പദ്ധതികൾ തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ അല്ലാഹു (ത) യും പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. അവന്റെ ദൈവീക പദ്ധതികളാണ് ഏറ്റവും നല്ലത് ! നിശ്ചയമായും അല്ലാഹു (ത) തന്റെ ഖലീഫയിലൂടെ, അദ്ദേഹത്തിന് ദൗത്യനിർവ്വഹണത്തിനുള്ള ചുമതലകൾ നൽകുവാനുള്ള വിധി പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നു. ഈ ദൗത്യ നിർവ്വഹണത്തിനായി ഒരു ജമാഅത്തും നൽകി, ഖലീഫത്തുല്ലാഹ് എന്ന പദവിയോടെ അദ്ദേഹത്തെ ഉയർത്തുവാനും നിശ്ചയിച്ചു കഴിഞ്ഞിരുന്നു.

ഇന്ന്, അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പരീക്ഷണങ്ങളുടെയും പോരാട്ടങ്ങളുടെയും 15 വർഷങ്ങൾക്ക് ശേഷം, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും മുസ്ലീങ്ങളും, ഇസ്ലാം ഞങ്ങളുടെ മതവുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഖുർആൻ നൽകിയ ഇസ്ലാം എന്ന ആധികാരിക പേരിന് (സഹീഹ്അൽ ഇസ്ലാം) അന്വർത്ഥമാക്കിക്കൊണ്ട് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ കാലത്തുണ്ടായിരുന്ന അതേ ഇസ്ലാമിനെ അതേ നിലയിൽ പുനരുജ്ജീവിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ആമീൻ! ഇസ്ലാം എന്ന പേരിനേക്കാൾ അനുഗ്രഹീതമായ മറ്റൊരു പേരുമില്ല; സഹീഹിൽ ഇസ്ലാം. ഈ പേര് അല്ലാഹു താൻ തന്നെ തെരഞ്ഞെടുത്ത് നൽകിയതാണ്; അവൻ ഈ പേരിനെ പരിപാപനമാക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങൾ ഈ വിശ്വാസത്തെ പിൻതാങ്ങുന്നു. മുസ്ലീങ്ങളും നിശ്ചയമായും പിൻതാങ്ങുമെന്ന് കരുതുന്നു. ഈ വിശ്വാസത്തെ എതിർക്കുന്ന മുസ്ലീങ്ങൾ തങ്ങളുടെ ഉത്തരവാദിത്വത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ഞങ്ങൾ വിശ്വസിക്കുന്നു (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) അതായത് അല്ലാഹു താൻ തെരഞ്ഞെടുക്കുന്നവരോട് സംസാരിക്കുന്നവനാണ്. അവർക്ക് അവൻ വെളിപാടുകൾ നൽകുന്നു. അവന്റെ ഉദ്ദേശ പൂർത്തീകരണത്തിനായി. വെളിപാടുകൾ വാക്കു രൂപത്തിൽ ഇറങ്ങുന്നു. വെളിപാടിലൂടെയാണ് മനുഷ്യൻ ജീവിക്കുന്നത്. ദൈവവുമായി ബന്ധപ്പെടുന്നത് ഇങ്ങനെയാണ്. വെളിപാടുകളിലൂടെ വരുന്ന വാക്കുകൾ ശക്തിയിലും ബുദ്ധിയിലും അതുല്യമാണ്. വെളിപാടിലൂടെ ആജ്ഞകൾ കൊണ്ടുവരുന്നു. നിയമങ്ങൾ കൊണ്ടു വരുന്നു. ദൈവീക വിശദീകരണങ്ങൾ നൽകുന്നു. ദൈവം മനുഷ്യനുമായി ബന്ധപ്പെടുന്നത് വെളിപാടിലൂടെയാണ്. സാഹചര്യങ്ങൾക്കനുസൃതമായിട്ടും, അത് ലഭിക്കുന്ന വ്യക്തികളുമായിട്ടാണ് ഈ വാർത്താവിനിമയം നടക്കുന്നത്.

ഞങ്ങൾ വിശ്വസിക്കുന്നു. (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) ലോകം അന്ധകാരത്തിൽ ആപതിക്കുമ്പോൾ, മനുഷ്യൻ തെറ്റിലും കുറ്റങ്ങളിലും ആഴ്ന്നിറങ്ങുമ്പോൾ, മനുഷ്യന് ദൈവ സഹായമില്ലാതെ എഴുന്നേറ്റ് നിൽക്കുവാൻ കഴിയുകയില്ല. അപ്പോൾ അവന്റെ അനുഗ്രഹത്താലും അനുകമ്പയാലും അവന്റെ ഒരു

ഇഷ്ടദാസനെ തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന് മാനവകുലത്തെ നയിക്കുവാനുള്ള ഉത്തരവാദിത്വം നൽകുകയും, വിശുദ്ധ ഖുർആൻ പറഞ്ഞതു പോലെ, എല്ലാ ജനങ്ങളിലേക്കും നാം ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്. അവരിലൂടെ ദൈവം തന്റെ ലക്ഷ്യവും വെളിപ്പെടുത്തികൊടുക്കുന്നു. അതിൽ നിന്നും പിൻതിരിയുന്നവർ നശിക്കുന്നു. അതിനെ സ്വീകരിക്കുന്നവർ അവന്റെ സ്നേഹവാത്സല്യങ്ങൾക്ക് പാത്രമാകുന്നു. ദൈവീക ദൂതന്മാർ വിവിധ ആത്മീയ പദവിയിലുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ദൈവീക പദ്ധതി നടപ്പിലാക്കുന്നതിന് അവരവരുടെ പദവികൾക്കനുസൃതമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നു. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പ്രവാചക ശ്രേഷ്ഠനായിരുന്നു; ആകുന്നു; ആയിരിക്കും മനുഷ്യകുലത്തിലെ സമ്പൂർണ്ണ മനുഷ്യൻ! നിശ്ചയമായും ഭാവിയിൽ പ്രവാചകന്മാർ വന്നുകൊണ്ടേയിരിക്കുമെന്ന് വിശുദ്ധ ഖുർ ആൻ പഠിപ്പിക്കുന്നു. ഖുർആൻ സമ്പൂർണ്ണ ഗ്രന്ഥം തന്നെയാണ്. വിധിനാൾ വരേക്കുമുള്ള എല്ലാ കാര്യങ്ങളും അതിൽ പ്രവചനം ചെയ്തിട്ടുണ്ട്. സൂറ അൽഫാത്തിഹായിലെ വചനങ്ങൾ ഇതിന് കരുത്തേകുന്നു. നമസ്ക്കാരം നിലനിർത്തുന്ന ഓരോ മുസ്ലീമും ഓരോ ദിവസവും 50 പ്രാവശ്യം ഇത് പാരായണം ചെയ്യുന്നുണ്ട്. പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നു. **" നേർപാതയിൽ നീ ഞങ്ങളെ നയിക്കേണമേ ! നീ അനുഗ്രഹം ചൊരിഞ്ഞവരുടെ പാതയിൽ"** ഇവിടെ നാം എന്തനുഗ്രഹങ്ങളാണ് ആവശ്യപ്പെടുന്നത് ? ഭൗതികമോ അതോ ആത്മീയ അനുഗ്രഹങ്ങളോ ? അഹ്മദിയ്യാ ജമാഅത്തിലെ ചില മുഖ്യന്മാർ എന്നഭിമാനിക്കുന്നവർ, ഈ അനുഗ്രഹങ്ങൾ എന്നു പറയുന്നത്, കാറുകൾ, ഇലക്ട്രിക് കുക്കറുകൾ, ഫ്രിഡ്ജുകൾ, വാഷിംഗ് മെഷീൻ തുടങ്ങിയവയാണെന്ന് കരുതുന്നു.

ഈ വാക്കുകളെക്കുറിച്ചാലോചിക്കുക. **"നീ അനുഗ്രഹം ചൊരിഞ്ഞവരുടെ പാതയിൽ"** അല്ലാഹു (ത) അനുഗ്രഹിച്ചവരുടെ പാത/ അല്ലാഹു (ത) പ്രതിഫലം നൽകിയവരുടെ പാത. ഇവയ്ക്ക് ഒരു വിശദീകരണം ആവശ്യമാണ്. ഭാഗ്യവശാൽ ഇതിന്റെ വിശദീകരണം ഖുർആനിൽ തന്നെയുണ്ട്. വി:ഖുർ ആൻ 4:70-71 ൽ പറയുന്നു. **" വല്ലവരും അല്ലാഹുവിനെയും ഈ ദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകൻമാർ, സത്യാത്മക്കൾ , രക്തസാക്ഷികൾ, സദ്വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരെത്ര അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാണിത്. എല്ലാ കാര്യങ്ങളും അറിയുന്നവനായി അല്ലാഹു മതി"**

നാലു രീതിയിലുള്ള പ്രതിഫലങ്ങളെക്കുറിച്ച് പറയുന്നു. 1. നബിമാർ. പൊതുവിൽ മുസ്ലീംകൾ, പ്രത്യേകിച്ച് അഹ്മദികൾ അല്ലാഹുവിനെയും മുഹമ്മദ് (സ) നെയും അനുസരിക്കുന്നവർ, പ്രവാചകന്മാർ വരുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നവരാണ്. അല്ലാഹു വാഗ്ദാനം ചെയ്ത പ്രവാചകത്വ പദവിയും മറ്റു പദവികളും നേടാവുന്നതാണ്. 7:36 ൽ ഒരു വിഭാഗം പ്രവാചകന്മാരുടെ വാതിലുകൾ എപ്പോഴും തുറന്ന് കിടക്കുന്നതാണ് എന്ന് പറയുന്നു. **" ആദം സന്തതികളെ ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതൻമാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ (അപ്പോൾ) ആര് സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കി തീർക്കുകയും ചെയ്യുന്നുവോ അവർക്ക് (വരാനിരിക്കുന്നതിനെ സംബന്ധിച്ച്) യാതൊരു ഭയവും ഉണ്ടായിരിക്കുകയില്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ വ്യസനിക്കുകയുമില്ല."**

ഈ വചനത്തിന്റെ ഉള്ളടക്കം ഉറപ്പായും സ്പഷ്ടമായതുമാണ്. അല്ലാഹു (ത) ഇതിലൂടെ പറയുന്നു. എപ്പോഴെങ്കിലും പ്രവാചകന്മാർ നിങ്ങളുടെ അടുക്കൽ വരുകയാണെങ്കിൽ, ഹേ ആദം സന്തതികളെ ! പ്രവാചകൻമാർ വരുന്നതിനുള്ള വാതിലുകൾ ഇവിടെ തുറന്നിട്ടിരിക്കുകയാണ്. ഇസ്ലാമിന്റെ നിയമത്തെ മാറ്റി മറിയ്ക്കുവാൻ അവർക്ക് സാധ്യമല്ല. അവർ വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ സേവകന്മാരും അനുയായികളുമായിരിക്കും. ഞങ്ങൾ, അഹ്മദി മുസ്ലീങ്ങൾ കഴിഞ്ഞ കാലത്തിലായാലും ശരി, ഇപ്പോഴായാലും ശരി, വിശുദ്ധ ഖുർആനിലെ എല്ലാ വചനങ്ങളും, ഹദീസുകളും ഞങ്ങൾ അഹ്മദി മുസ്ലീങ്ങൾ അല്ലാത്തവരുടെ മുമ്പിൽ തെളിവായി ഹാജരാക്കുന്നു, പ്രവാചകൻമാർക്ക് വരുവാനുള്ള വാതിലുകൾ അതിവിശാലമായി തുറന്നുകിടക്കുകയാണെന്ന് ! ഈ വാതിൽ അടയ്ക്കുന്നതല്ല. നിങ്ങളുടെ പ്രാർത്ഥനകളിലൂടെ, വിശിഷ്യാ സൂറ ഫാത്തിഹായിലൂടെ അത് നിങ്ങൾ എല്ലാ ദിവസവും ചെയ്യുന്നതുമാണ്; അത് ഒരു ദിവസം കുറഞ്ഞത് 50

പ്രാവശ്യം പാരായണം ചെയ്യുന്നുമുണ്ട്. അതിലൂടെ നിങ്ങൾ ആവശ്യപ്പെടുന്നത് "നേരായപാതയിൽ നീ നയിക്കേണമേ നീ അനുഗ്രഹം ചൊരിഞ്ഞവരുടെ പാതയിൽ നയിക്കേണമെ !) അപ്പോൾ അല്ലാഹു (ത) നിശ്ചയമായും അവന്റെ ദാസരുടെ ഈ പ്രാർത്ഥനകൾ കേൾക്കുന്നുണ്ട് ; അപ്പോൾ അവൻ ദൈവീക മാർഗ്ഗദർശനമില്ലാതെ അവരെ നിശ്ചയമായും ഉപേക്ഷിക്കുകയില്ല. വഴികാട്ടിയില്ലാതെ. ഒരു പ്രവാചകനില്ലാതെ അവരെ വിടില്ല. മനുഷ്യ സംസ്ക്കരണത്തിനായി അത്തരം വഴികാട്ടികളെ അവനുയർത്തുക തന്നെ ചെയ്യും.

അഹ്മദി മുസ്ലീങ്ങൾ 125 വർഷത്തോളം, ഈ വാദമുഖങ്ങൾ അഹ്മദികളല്ലാത്ത മുസ്ലീങ്ങളുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഇത് തെളിയിക്കുവാനായി, സ്ഥാപിക്കുവാനായി പല വിശദീകരണങ്ങളും നൽകിയിട്ടുള്ളതാണ്. നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) യുടെ വചനങ്ങളും വാദങ്ങളുടെ തെളിവിനായി, അവരെ നേർപാതയിൽ നയിക്കാനായി, സമർപ്പിച്ചിട്ടുള്ളതാകുന്നു. അവർ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന് അംഗീകരിക്കേണ്ടതുമാണ്.

ഇന്ന് ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ ആഗമനത്തോടെ അല്ലാഹു (ത) അവന്റെ ഖലീഫയെ പരിശുദ്ധ വചനവുമായി ഉയർത്തിയിരിക്കുകയാണ്. അല്ലാഹു തെരഞ്ഞെടുത്തവനിൽ നിന്നും അവർ അഹ്മദികൾ പിൻതിരിഞ്ഞിരിക്കുന്നു. വെളിപാടുകളുടെയും പ്രവാചക ആഗമനത്തിന്റെയും വാതിലുകളും അവർ അടച്ചു കഴിഞ്ഞു. മറ്റുള്ളവരുടെ മുൻപിൽ ഒരിക്കൽ സമർപ്പിച്ച എല്ലാ തെളിവുകളും, മുൻകാലങ്ങളിൽ പ്രവാചകന്മാരെ നിഷേധിച്ചവരെ പോലെ അവർ പെരുമാറുന്നു. ഇപ്പോൾ അവർ പറയുന്നു വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന് ശേഷം ആരും വരില്ല, കാരണം ഖലീഫത്തുൽ മസീഹ് (ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫ) ഉണ്ട്. ആർക്കും വെളിപാടുകളും ലഭ്യമല്ല. അഥവാ അല്ലാഹു ആരെയും നിയോഗിക്കത്തുമില്ല, കാരണം ഇപ്പോൾ ഖലീഫത്തുൽ മസീഹ് ഉണ്ട് ! ഖലീഫത്തുൽ മസീഹ് 4-ാ മൻ ആസ്ട്രേലിയായിലെ സിഡ്നിയിൽ താൻ സ്വയം ചെയ്ത പ്രസംഗത്തിൽ എന്തു പറഞ്ഞു എന്ന് നോക്കാം. അഹ്മദികൾ ആ പ്രസംഗം ഒരു ചെറിയ പുസ്തകമായി മതനവീകരണത്തിന്റെ തത്വശാസ്ത്രം എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പേജ് 9,10 വായിക്കുക. അതിലെ ഒരു ഭാഗം മാത്രം ഞാൻ എടുത്തു ഉദ്ധരിക്കുകയാണ്. **"ചരിത്രത്തിൽ നിന്നും നാം മനസ്സിലാക്കുന്നത്, ദൈവം നിയോഗിച്ച ഓരോ ആളും എതിർപ്പിന്റെ കൊടുങ്കാറ്റ് തന്നെ അഭിമുഖീകരിച്ചിട്ടുണ്ട് എന്നാണ്. എല്ലാ പ്രവാചകന്മാരും സത്യസന്ദേശവുമായാണ് ആഗതരായിട്ടുള്ളത്. അനന്ത ജീവിത വഴികാട്ടികളാണവർ. അസത്യവാദികൾ, സത്യവാദികളെ എന്നും എതിർട്ടുണ്ട്. ആത്മീയ മരണത്തിൽ നിന്നും ആത്മീയ ജീവിതത്തിലേക്കുള്ള സംഘട്ടനം ! നിശ്ചയമായും മതങ്ങളുടെ ജനനത്തിനുള്ള നടപടിക്രമം ഇതാണ്. മതങ്ങളെ അശുദ്ധിയും അഴിമതിയും വികലമാക്കുമ്പോൾ തന്നെ അതിന്റെ പുനർജനനത്തിനുള്ള നടപടികളും ആരംഭിക്കുന്നതാണ്. ദൈവനിയോഗിതരായ പരിഷ്കർത്താക്കളും, പ്രവാചകന്മാരെ പോലെ പീഢനങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. എപ്പോഴൊക്കെ സർവ്വശക്തൻ ഒരു ജനതയെ ആത്മീയമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവോ അപ്പോൾ അതിനെ രണ്ടായി പിരിക്കുന്നു. സത്യം കാണുന്നവരും സത്യത്തെ എതിർക്കുന്നവരും. ഒരു സംഘവും അവരുടെ വിശദീകരണ സമീപനത്തിൽ ഒരിക്കലും ഒരു മാറ്റവും വരുത്തുന്നതല്ല. വിശുദ്ധഖുർആൻ ഇക്കാര്യം മനസ്സിൽ തട്ടുംവിധം ആവർത്തിച്ച് വിവരിക്കുന്നു... "**

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഒന്നാം ഖലീഫയായ ഹസ്രത് മൗലവി നൂറുദ്ദീൻ (റ) താഴെപ്പറയുന്ന ചോദ്യത്തിന് നൽകിയ മറുപടി നമുക്കൊന്ന് നോക്കാം. ഒരു പ്രവാചകൻ അഥവാ ഒരു ദൂതൻ ഉണ്ടായിരിക്കൽ അത്യാവശ്യമാണോ ? ഖലീഫ ഇപ്രകാരം മറുപടി പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. **" അനേകർ വാദിക്കുന്നു. അവർക്ക് അനേകം ഗ്രന്ഥങ്ങളുണ്ടെന്ന്. മുൻകാലജനതയുടെ ഓർമ്മക്കുറിപ്പുകൾ ഉണ്ടെന്ന് ! ആയതിനാൽ നമുക്ക് നല്ലതെന്താണ് ചീത്ത എന്താണ് എന്ന് നല്ലതുപോലെ തിരിച്ചറിയുവാൻ കഴിയും. ഈ സാഹചര്യത്തിൽ പ്രവാചകന്മാരുടെ ആവശ്യമെന്താണ്/ ദൈവീക ദൂതന്മാരുടെ ആവശ്യം എന്താണ് ? അവരുടെ സംഭാഷകരോട് അവർ ചോദിക്കുന്നു. ഈ ആളുകൾ കരുതുന്നു, ഈ വിജ്ഞാന ശേഖരങ്ങൾ, അതായത് ഗ്രന്ഥങ്ങൾ അവർക്ക് മതിയായതാണെന്ന് ! അവരുടെ ഈ ചിന്ത തെറ്റുമായി ബന്ധപ്പെട്ടു കിടക്കുന്നു. സത്യത്തിൽ, ഇതവരെ നമ്മുടെ സൃഷ്ടാവിന്റെ ശത്രുക്കളാക്കി മാറ്റുന്നു. ദൈവത്തോടാണ് അവർ പോരാടുന്നത് എന്ന് നമുക്ക്**

**പറയുവാൻ കഴിയും. അല്ലാഹു (ത) ഒരാളെ ബഹുമാനിക്കുവാൻ ആഗ്രഹിക്കുമ്പോൾ, അവന് അർഹമായ മാന്യത നൽകുന്നു. അവനെ നേതാവായി പ്രഖ്യാപിക്കുന്നു. അവന്റെ ഇച്ഛകൾക്ക് കീഴ്പ്പെടുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. ഈ നേതാവിന് കീഴ്പ്പെടുക എന്നതും കൽപനപ്രകാരമായിരിക്കണം. അല്ലാഹുവിന്റെ ഇംഗിതത്തിന് തടയിടാൻ ആരാലും സാധ്യമല്ല. അവനെതിരിൽ എഴുന്നേൽക്കുന്നവൻ നശിക്കുന്നു. അല്ലാഹു തെരഞ്ഞെടുത്തവനെ ധിക്കരിക്കുന്നവൻ, ആവശ്യമില്ലായെന്ന് വിശ്വസിക്കുന്നവൻ, കാരണം അവന്റെ അറിവിന്റെ വലിപ്പത്തിലാണവൻ, അല്ലാഹു അവനെ, തെരഞ്ഞെടുത്തവന്, നൽകുന്ന പദവിയോ, കഴിവോ, മാന്യതയോ മറ്റാർക്കും ലഭിക്കുന്നതല്ല. ഈ വ്യക്തി എല്ലാ അർത്ഥത്തിലും സ്വാതികനായിരിക്കും. ഈ തെരഞ്ഞെടുക്കപ്പെട്ടവനോട് ശത്രുത കാട്ടുന്നവൻ അവൻ മുമ്പ് ആർജ്ജിച്ച എല്ലാ നല്ല പ്രവർത്തികളും ഫലശൂന്യമായി പോകുന്നു. കാരണം ദൈവം ഒരുക്കുന്ന വഴിയിൽ കയറി നിൽക്കുന്നതുകൊണ്ടാണ്. അങ്ങനെ അവൻ ഒരു ശത്രുവായി മാറുന്നു. ഈ ലോകത്തിലെ ഭരണകൂടങ്ങൾ നിയമം കയ്യാളുന്നതുപോലെയാണിത്. ആരെയും വിഡ്ഢിയാക്കാത്ത ഒരുവൻ, വക്രതയൊന്നും ഇല്ലാത്ത ഒരുവൻ, സർക്കാരിനു കൊടുക്കുവാനുള്ള നികുതിയും മറ്റ് അർഹതപ്പെ**ട്ടതും കൃത്യമായി കൊടുക്കുന്നതിനെ ഒരു വില്ലനായി ഒരു ശത്രുവായി കണക്കാക്കാൻ പറ്റില്ല. അവൻ പറയുന്നു എന്നിരിക്കട്ടെ എനിക്ക് ഒരു നേതാവിന്റെയും അഥവാ പ്രസാദകന്റെയും ആവശ്യമില്ല എന്ന് പറയുമ്പോൾ അവന്റെ നേരെ അപമര്യാദ കാട്ടേണ്ടതില്ല (അഹ്മദിയ്യാ ഗസറ്റ്, ജനുവരി 1994)

ദൈവീക ദൃഷ്ടാന്തത്തോടെ, അഹ്മദി സഹോദരങ്ങൾ എന്റെ എതിരാളികളായി തീർന്നു. ഈ നൂറ്റാണ്ടിലെ ഫറോവയിലൂടെ അവരുടെ മനസ്സുകൾ വിഷലിപ്തമായി. ഞാൻ പറഞ്ഞ മുൻ അമീറും അദ്ദേഹത്തിന്റെ മുല്ലാക്കളും ! അന്ധവും അപക്വവുമായ സമീപനം ശത്രുക്കൾ സ്വീകരിച്ചതുമൂലം, എന്നെ വിമർശിച്ചവർക്ക് അവസരം നൽകുകയായിരുന്നു. ഒരിക്കൽ എന്നെ ബഹുമാനിച്ചവർ, എന്റെ ജോലിയെ സ്നേഹിച്ചവർ, എല്ലാവിധ നുണകളുമായി രംഗത്തു വരുകയുമുണ്ടായി. എനിക്കെതിരിലും, എന്റെ ജമാഅത്തിനിതെരിലും, ദൈവീക ദൃഷ്ടാന്തത്തിനെതിരിലും അവർ ആരോപണങ്ങളുടെ കെട്ടഴിക്കാൻ മടിച്ചില്ല. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ എതിർപ്പുകൾ എല്ലാം ഉണ്ടായിട്ടും, ജനഹൃദയങ്ങൾ ഈ ദൈവീക ദൃഷ്ടാന്തത്തെ ആകർഷിക്കുവാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ സേവകനാണ് എന്ന് ഈ വിനീതന്റെ പ്രഖ്യാപനത്തെ, നമ്മുടെ വെബ്സൈറ്റിലൂടെ ശ്രദ്ധിക്കുവാനും തുടങ്ങിയിരിക്കുന്നു. നമ്മുടെ സഹോദരൻ ഫസിൽ ജമാൽ തയ്യാറാക്കുന്ന ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ബ്ലോഗിലൂടെയും, തബ്ലീഗിൽ മഹത്തായ വിപ്ലവം സൃഷ്ടിച്ച അമീർ സാഹിബ് ഡോക്ടർ താഹിന്റെയും, അമീർ സാഹിബ് ജമാലുദ്ദീന്റെയും (ഹസ്രത് മുകർറം ഫസിൽ ജമാലിന്റെ പിതാവ്) ഹാരിസ് സാഹിബിന്റെയും , തമിഴ്നാട്ടിലെ നമ്മുടെ യുവസഹോദരന്മാരുടെയും, കേരളത്തിലും ഡൽഹിയിലുമുള്ള നമ്മുടെ സഹോദരീ സഹോദരന്മാരുടെ, അതുപോലെ കോമറോസിലെ അമീർ മാദിയുടെയും മഡഗാസ്ക്കർറിലെ താന അമീർ സെയ്ദ് അഹ്മദും, അമീർ ഹാമിദും, മയോട്ടിയിലെ നമ്മുടെ സഹോദരൻ ഇബ്രാഹീമും തുടങ്ങി പലരേയും ഇവിടെ അനുസ്മരിക്കുന്നു.

**ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും അല്ലാഹു (ത) അനേകർക്ക് മാർഗ്ഗദർശനം നൽകിക്കൊണ്ടിരിക്കുന്നു. അവർ അല്ലാഹുവിന്റെ ഈ വിനീത സേവകനുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. പീഢനങ്ങളും നിസ്സഹകരണങ്ങളും ഉണ്ടെങ്കിലും ജമാഅത്തിന്റെ അനേകം ജോലികൾ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടക്കുന്നു. അല്ലാഹു (ത) എനിക്ക് ധൈര്യവും, ഊർജ്ജവും, സമയവും നൽകി ഈ ആളുകൾക്കെല്ലാം മിക്കവാറും എല്ലാ ദിവസവും സന്ദേശങ്ങളിലൂടെ മറുപടി നൽകിക്കൊണ്ടിരിക്കുന്നു. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും, ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുമുള്ള അനുകൂല അഭിപ്രായങ്ങളിൽ നിന്നും, വെബ്സൈറ്റിലെ ഉള്ളടക്കങ്ങൾ അവരെല്ലാവരെയും ആകർഷിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ് ! ഞങ്ങൾ (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) ശുഭാപ്തി വിശ്വാസത്തിലാണ്. ഈ ദൈവീക ദൃഷ്ടാന്തത്തെ ജനങ്ങൾ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു ദിവസം വരുന്നതാണ്. അതുപോലെ ഈ വിനീത ദൈവദാസനെയും ! ഇൻശാഅല്ലാഹ്. അല്ലാഹുവിന്റെ വിജയം അതിവിദൂരതയിലല്ല. ഇൻശാ അല്ലാഹ്. അനേകം നിഷ്കളങ്കരും, സത്യവാന്മാരും, മാന്യരുമായ ആളുകൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുന്നതാണ്. ഇൻശാ അല്ലാഹ് ! ആമീൻ.**

അല്ലാഹു (ത) വരും ദിനങ്ങളെ, മാസങ്ങളെ, വർഷങ്ങളെ അനുഗ്രഹപ്രദമാക്കട്ടെ. ഇൻശാ അല്ലാഹ്. അങ്ങനെ അവൻ നൽകിയ ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കുവാൻ കഴിയട്ടെ ! അവന്റെ അനുഗ്രഹങ്ങളോടെ, അവന്റെ വിലയുള്ള സഹായത്തോടെ ഇൻശാ അല്ലാഹ് ആമീൻ.

കുറിപ്പ് : – ഖലീഫത്തുല്ലാഹ് മൗറീഷ്യസ് അഹ്മദിയ്യാ മുസ്ലീം സംഘത്തോട് ഒരാവലാതിയും സമർപ്പിക്കുകയുണ്ടായി. അതായത് അദ്ദേഹത്തിന്റെ ശമ്പളം മൊത്തത്തിൽ നൽകുവാൻ. തന്റെ ജോലിയുടെ വിയർപ്പാണത്. ഈ ജോലിയുടെ വിയർപ്പ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുവാനാണ്. മൗറീഷ്യസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ, ഇക്കാര്യത്തിൽ 5–ാം ഖലീഫ ഇടപെടുകയും തന്റെ അവകാശം തിരികെ കിട്ടിയെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. മുൻപ് ക്ഷണിച്ചതുപോലെ ഖലീഫത്തുൽ മസീഹ് അഞ്ചാമനെ തന്നോടൊപ്പം ചേരാൻ വീണ്ടും ക്ഷണിക്കുകയും ഇസ്ലാമിന്റെ ക്ഷേമത്തിനായി ഒരുമിച്ച് പ്രവർത്തിക്കാമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*